**File No.DWCD/1123/2022-ICDSB2**

വനിത ശിശുവികസന വകുപ്പ്
ഡയറക്ടറേറ്റ്,പൂജപ്പുര,
തിരുവനന്തപുരം
തീയതി :20/05/2022
Email -wcdicdsb2@gmail.com
Phone : 0471 - 2346508

## സർക്കുലർ

വിഷയം: വനിത ശിശുവികസന വകുപ്പ് - ഐസിഡിഎസ്- അങ്കണ - വാടികളിൽ പ്രവേശനോൽസവം സംഘടിപ്പിക്കുന്നത്- തുടർ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്.

സൂചന: 1. 04.05.2022 ലെ ഇതേ നമ്പർ സർക്കുലർ.
2. സ.ഉ.(സാധാ)നം.211/2022/വശിവിവ, തീയതി: 18.05.2022

സംയോജിത ശിശുവികസന പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ 2022 മെയ് 30 ന്പ്രവേശനോൽസവം സംഘടിപ്പിക്കുന്നതിന് സൂചന പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിരുന്നു. തുടർ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ വിവരിക്കുന്നു.

- അങ്കണവാടി പ്രവേശനോൽസവം 2022 നടത്തിപ്പിനായി അങ്കണവാടി ഒന്നിന് 300 രൂപാ ക്രമത്തിൽ 99,34,500/- (300 x 33115) രൂപ സൂചന (2) പ്രകാരം അനുവദിക്കുന്നതാണ്.
- അങ്കണവാടി പ്രവേശനോൽസവത്തിനായി അനുവദിക്കുന്ന തുക പ്രവേശനോൽസവത്തിനോടനുബന്ധിച്ച് തയ്യാറാക്കുന്ന ബാനർ, പോസ്റ്റർ, അങ്കണവാടിയും പരിസരവും അലങ്കരിക്കുന്നതിനാവിശ്യമായ വർണ്ണക്കടലാസുകൾ, സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യുക എന്നിവയ്ക്കും കൂടാതെ, മറ്റ് അനുബന്ധ ആവശ്യങ്ങൾക്കുമായി ഉപയോഗിക്കാവുന്നതാണ്.
- മേൽ നിർദ്ദേശ പ്രകാരമുള്ള ആവശ്യങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ ഐസിഡിഎസ് സൂപ്പർവൈസർമാർക്ക് കേരളാ സർക്കാരിന്റെ സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് നടപടി സ്വീകരിക്കാവുന്നതാണ്.
- പ്രവേശനോൽസവത്തിന് അധികമായി ആവശ്യം വരുന്ന ചെലവുകൾ ALMSC യുടെ സഹകരണത്തോടെ കണ്ടെത്തേണ്ടതാണ്.
- പ്രവേശനോൽസവത്തോടനുബന്ധിച്ച് നടത്തുന്ന വിളബംര ജാഥയിൽ പൊതു നിരത്തുകൾ പൂർണ്ണമായും ഒഴിവാക്കി അങ്കണവാടി പരിസരത്ത് മാത്രം കേന്ദ്രീകരിച്ച് കുട്ടികൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ നടത്തേണ്ടതാണ്.
- ഏറ്റവും കൂടുതൽ കുട്ടികൾ പ്രവേശനം നേടിയ അങ്കണവാടികൾ ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ അടുത്ത പ്രോജക്ട് ലെവൽ മീറ്റിംഗിലും ജില്ലാതല അവലോകനയോഗങ്ങളിലും പ്രത്യേകമായി അനുമോദിക്കേണ്ടതാണ്.
- കിളികൊഞ്ചൽ ബുക്ക് ലെറ്റുകൾ ലഭ്യമായിട്ടുള്ളവർ താഴെ പറയുന്ന മുൻഗണനാ ക്രമത്തിൽ അന്നേ ദിവസം ആയവ വിതരണം ചെയ്യേണ്ടതാണ്.
(a) മെയ് 30 ന്റെ പ്രവേശനോൽസവത്തിൽ അങ്കണവാടിയിൽ എൻറോൾ ചെയ്യുന്ന കുട്ടികൾ (3-6 yrs)
(b) നിലവിൽ അങ്കണവാടിയിൽ പഠനം തുടരുന്ന കുട്ടികൾ (4-5 yrs)
(c) സ്കൂൾ/KG/Day care തുടങ്ങിയവയിൽ അഡ്മിഷൻ നേടി പോകുന്ന കുട്ടികൾക്ക് ബുക്ക് ലെറ്റുകൾ വിതരണം ചെയ്യേണ്ടതില്ല (5-6 yrs)

File No.DWCD/1123/2022-ICDSB2

- അങ്കണവാടി പ്രവേശനോൽസവം 2022 നോടനുബന്ധിച്ച് 04.05.2022 ൽ നൽകിയ DWCD/1123/2022-ICDSB2 നമ്പർ സർക്കുലർ പ്രകാരം, സമയബന്ധിതമായി തീർക്കേണ്ടുന്ന വിവിധ പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യുകയും ആയതിന്റെ പുരോഗതി സംബന്ധിച്ച് Google form ൽ റിപ്പോർട്ട് നൽകേണ്ടതുമാണ്.
- വകുപ്പ് തലത്തിൽ തയ്യാറാക്കി നൽകുന്ന Social Media Campaign ന് വിപുലമായ പ്രചരണം നൽകേണ്ടതുമാണ്.

Fa. വനിത ശിശുവികസന ഡയറക്ടർ

1. എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ സിഡിപിഒ മാർക്കും

**പകർപ്പ്**

സ്റ്റോക്ക് ഫയൽ/സ്പെയർ